ഏൽപ്പിക്കുവാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. അതിൽ വിരോധമില്ല. പക്ഷേ ഓരോ മാസവും ഇതിന്റെ പ്രവർത്തനം റിവ്യൂ ചെയ്യണം. അങ്ങനെ ഒരു റിവ്യൂ നടത്താൻ വേണ്ടിയുള്ള ഒരു പ്രൊഫഷണൽ സംവിധാനം കൂടി ഇക്കാര്യത്തിൽ ആലോചിച്ചുകൊണ്ട് ഈ പരിപാടി വിജയിപ്പിക്കുവാൻ അങ്ങ് ശ്രദ്ധിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, പട്ടികജാതി വികസനവകുപ്പിനു മാത്രം ഇതിന് കേപ്പബിലിറ്റി ഉണ്ട് എന്ന് ഞാൻ അവകാശപ്പെടുന്നില്ല. അതുകൊണ്ട് തന്നെ കുടുംബശ്രീയുമായി ചേർന്ന് എം. ഒ. യു. ഒപ്പുവെച്ചുകൊണ്ടാണ് ആ സ്കീം ആവിഷ്കരിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ കുടുംബശ്രീയും എസ്. സി./എസ്.ടി. വകുപ്പും സഹകരിച്ച് ആവിഷ്കരിച്ചിരിക്കുന്നു. അതിനുള്ള കേപ്പബിലിറ്റി പൂർണ്ണമായി എസ്.സി./എസ്.ടി. വകുപ്പിനില്ല എന്ന് അറിഞ്ഞുകൊണ്ടാണ് ചെയ്യുന്നത്.

ശ്രീ. എ. കെ. മണി: ഗാന്ധിജിയുടെ സ്വപ്നമായിരുന്ന ഗ്രാമസ്വരാജ്യംതന്നെ ഈ സ്കീമിൽനിന്ന് നഷ്ടപ്പെട്ടതായിട്ടാണ് എനിക്ക് തോന്നുന്നത്. ഗ്രാമങ്ങളുടെ വികസനമാണ്. ധാരാളം പട്ടികജാതി-പട്ടികവർഗ്ഗ ജനങ്ങൾ ഗ്രാമങ്ങളെ കേന്ദ്രീകരിച്ചാണ് ജീവിക്കുന്നത്. സംവരണമണ്ഡലങ്ങളെല്ലാം ടൗണുമായി, സിറ്റിയുമായി ബന്ധപ്പെടുത്തിയിട്ടുള്ളതല്ല. ഇവിടെയാണ് ഈ ജനസംഖ്യ കൂടുതലുള്ളത്. നിലവിലുള്ള സ്കീമിന് മാറ്റം വരുത്തി കൊണ്ട് ഗ്രാമങ്ങളിൽ പട്ടികജാതി സംവരണ മണ്ഡലങ്ങളിലെങ്കിലും ഇതുപോലെ സ്കീമുകൾ തുടങ്ങാൻ ഗവൺമെന്റ് ശക്തമായി നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: നിരവധി പ്രോജക്ട് ഒരേ സമയത്ത് ആരംഭിക്കുവാൻ കഴിയുകയില്ല. തുടക്കം തിരുവനന്തപുരത്താണ്. അർബ്ബൻ ഏരിയയ്ക്ക് വേണ്ടി മാത്രമല്ല അടുത്ത ഘട്ടം എന്നുള്ള നിലയിൽ ഗ്രാമങ്ങളിൽ നമുക്ക് കൊണ്ടുപോകാം.

മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് അറ്റകുറ്റപ്പണി

*3 [947] ശ്രീ. കെ. മോഹൻകുമാർ:
.. ടി. വി. ചന്ദ്രമോഹൻ:
.. വി. ബാലറാം:
.. തേറമ്പിൽ രാമകൃഷ്ണൻ:
.. എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കു വേണ്ടി നിർമ്മിച്ചു നൽകിയിട്ടുള്ള പല വീടുകൾക്കും അറ്റകുറ്റപ്പണികൾ ചെയ്യാത്ത വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) ഇത്തരത്തിൽപ്പെടുന്ന എത്ര വീടുകളുണ്ടെന്ന് വെളിപ്പെടുത്തുമോ:

(സി) ഇത്തരത്തിൽപ്പെടുന്ന വീടുകൾ നന്നാക്കിക്കൊടുക്കുന്നതിനോ പുതുക്കി കൊടുക്കുന്നതിനോ എന്തെങ്കിലും പദ്ധതിയുണ്ടോ:

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ:

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതിനുള്ള പദ്ധതി ഇല്ലാത്ത പക്ഷം അക്കാര്യം പരിഗണിക്കുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ,

(എ) ഉണ്ട്.

(ബി) ഏകദേശം ഇരുപതിനായിരത്തിൽപ്പരം വീടുകൾ അറ്റകുറ്റപ്പണികൾ നടത്താനുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി, ഡി) 2002-2003 വർഷത്തിലെ തീര സംരക്ഷണബിൽ പ്രകാരം നാലായിരം വീടുകൾക്ക് അറ്റകുറ്റപ്പണി നടത്താനുണ്ട്. ഇത് 100 ശതമാനം ഒരു കേന്ദ്രസഹായ പദ്ധതിയാണ്. ഇതു കൂടാതെ വിവിധ ക്ഷേമപദ്ധതികൾക്കായി 503 കോടി രൂപ മുതൽ മുടക്കുള്ള ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ വീട് ഒന്നിന് 40,000 രൂപ ക്രമത്തിൽ 2400 ലക്ഷം രൂപ ചെലവാക്കി ആറായിരം വീടുകൾ പുനർ നിർമ്മാണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ഭവനനിർമ്മാണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ഫിഷറീസ് ബോർഡുകൾ, സോളാർ എനർജി, കുടിവെള്ളം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അവരുടെ പരിഗണനയിലാണ്.

(ഇ) പ്രസക്തമല്ല.

ശ്രീ. കെ. മോഹൻകുമാർ: കേട്പാട്പറ്റിയ ഇരുപതിനായിരത്തിൽപ്പരം വീടുകളുണ്ടെന്നാണ് മറുപടിയിൽ പറയുന്നത്. ഇതിനകത്ത് ആറായിരം വീടുകൾ പുനർ നിർമ്മിച്ചതായിട്ടും ഇനി ഒരു പതിനായിരം വീടുകൾ, കേന്ദ്ര സഹായം ലഭിച്ചാൽ അതിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാമെന്നുമാണ് പറഞ്ഞിരിക്കുന്നത്. ഞാൻ മനസ്സിലാക്കിയിടത്തോളം പത്താം ധനകാര്യ കമ്മീഷൻ പ്രശ്നപരിഹാര ഗ്രാന്റായി മുപ്പതുകോടി രൂപ അനുവദിച്ചിട്ടുണ്ട്. ഏതാണ്ട് ഇരുപതുശതമാനം വരുന്ന ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾ, അതുപോലെ അറ്റകുറ്റപ്പണി നടത്താനുള്ള പതിനായിരം മത്സ്യത്തൊഴിലാളി ഭവനങ്ങളുമുണ്ട്. മത്സ്യഭവനുകൾ കേന്ദ്രീകരിച്ച് അറ്റകുറ്റപ്പണികൾ നടത്താനും വീട് വച്ചുകൊടുക്കുവാനുമുള്ള പദ്ധതി ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാക്കുമോ?

പ്രൊഫ. കെ. വി. തോമസ്: സർ, ഇതെല്ലാം ഉൾപ്പെടുത്തിക്കൊണ്ടാണ് 503 കോടി രൂപയുടെ 2006-2007-ൽ അവസാനിക്കുന്ന വളരെ ബൃഹത്തായ പദ്ധതി നമ്മുടെ വിവിധ ഡിപ്പാർട്ടുമെന്റുകൾ കഴിഞ്ഞ ആറുമാസം ഒന്നിച്ചിരുന്നു ചർച്ചചെയ്തതിനു ശേഷം ക്യാബിനറ്റ് അംഗീകരിച്ച്, അത് കേന്ദ്ര പ്ലാനിംഗ് കമ്മീഷന്, കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് പതിനഞ്ചു കോടി രൂപ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി 'തീരസമൃദ്ധി' പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന മുന്നേമുക്കാൽ കോടിയോളം രൂപയുടെ പദ്ധതി ഉൾപ്പെടെ ഏതാണ്ട് പതിനെട്ടേമുക്കാൽ കോടി രൂപയുടെ പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 503 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചു കഴിയുമ്പോൾ അതിനനുസരിച്ചുള്ള പരിപാടികൾ നടപ്പാക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മോഹൻകുമാർ: കടൽക്ഷോഭവും പിന്നീടുള്ള ദുരിതാശ്വാസ നടപടികളും ചില സ്ഥലങ്ങളിലെങ്കിലും വിവാദമാകുന്നുണ്ട്. അറ്റകുറ്റപ്പണികൾ നടന്നുവെന്നും നടന്നില്ല എന്നുമുള്ള ആക്ഷേപം ഒഴിവാക്കി ഇതിന് ഒരു ശാശ്വതപരിഹാരം കണ്ടെത്തുന്നതിനുവേണ്ടി തുടരെത്തുടരെ കടൽക്ഷോഭം ഉണ്ടാകുന്ന പ്രശ്നമേഖലകളിൽ കടലിനോട് തൊട്ടടുത്തുള്ള കുടിലുകൾ അതുപോലെ മറ്റ് വീടുകൾ ബലിഷ്ഠമായ കോൺക്രീറ്റ് ഭവനങ്ങളാക്കി മാറ്റുന്നതിനുള്ള ഒരു പദ്ധതി ഗവൺമെന്റ് തയ്യാറാക്കുമോ?

പ്രൊഫ. കെ. വി. തോമസ്: ഇത് നല്ല ഒരു നിർദ്ദേശമാണ്. കേരളത്തിലെ കടൽത്തീരം കണ്ടാൽ നമുക്കറിയാം. കടൽഭിത്തിക്ക് തൊട്ടടുത്താണ് ഒരുപാട് വീടുകൾ ഉള്ളത്. അത് എങ്ങനെ നമുക്ക് ഫലപ്രദമായി സംരക്ഷിക്കുവാൻ കഴിയും. അല്ലെങ്കിൽ മാറ്റി പുനഃസ്ഥാപിക്കുവാൻ കഴിയും എന്നുള്ളത് പരിശോധിക്കാം.

ശ്രീ. ടി. എൻ. പ്രതാപൻ: ആദിവാസികളെപ്പോലെയും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളെപ്പോലെയും അതീവ ദുർബ്ബലരായ കേരളത്തിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് വീടുകൾ വയ്ക്കാൻ സഹായം നൽകുമെന്ന് നേരത്തെ ഇവിടെ പറയുകയുണ്ടായി. മഹാഭൂരിപക്ഷം വീടുകൾക്കും അറ്റകുറ്റപ്പണികൾക്കുള്ള സഹായം നൽകുന്നു. എന്നു മാത്രമല്ല പഴയ വീടുകൾ പൊളിച്ച് പുതിയ വീടുകൾ വയ്ക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ഒന്നും രണ്ടും ഗഡുക്കൾ കൊടുത്തു. വീടുകൾ പൊളിച്ചിട്ടിട്ട് ഈ കാലവർഷക്കെടുതിയിൽ എല്ലാ ആളുകളും മഴയത്ത് കിടക്കുകയാണ്. അത്തരം ആളുകൾക്ക് ഇനി കൊടുക്കാനുള്ള തുക കൊടുക്കുന്നതിനുവേണ്ടി നടപടിയെടുക്കുമോ?

പ്രൊഫ. കെ. വി. തോമസ്: ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മുപ്പത്തയ്യായിരം രൂപയാണ് വീട് നിർമ്മിക്കുന്നതിനുവേണ്ടി ഗ്രാന്റായി നൽകിയിരുന്നത്. അത് നാൽപ്പതിനായിരം രൂപയായി വർദ്ധിപ്പിച്ചു. അന്ന് ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മൂന്നുകോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. കുടിശ്ശികയുൾപ്പെടെ ഇപ്പോൾ 12.77 കോടി രൂപ വിതരണം ചെയ്തു. 2001-2003-ലായിട്ട് 212 കോടി രൂപ സഹായം നൽകുകയും 2003-2004-ൽ 1500 കോടി രൂപ നൽകാനുള്ള നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ: പാവപ്പെട്ട പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ ഇപ്പോഴത്തെ ഏറ്റവും വലിയ പ്രശ്നം കാലവർഷക്കെടുതിയിലും കടൽക്ഷോഭത്തിലും പെട്ട് മൽസ്യത്തൊഴിലാളികളുടെ മൽസ്യോപകരണങ്ങൾ തകർന്ന് തരിപ്പണമായിക്കൊണ്ടിരിക്കയാണ്. അവരെ സഹായിക്കാൻ യാതൊരു സ്കീമും ഇല്ല. എന്റെ നിയോജകമണ്ഡലത്തിൽ രണ്ടുപേർ മരിച്ച അതീവ ഗുരുതരമായ സംഭവം ഉണ്ടായി. അത്തരം ഘട്ടങ്ങളിൽ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

പ്രൊഫ. കെ. വി. തോമസ്: ഇത് ഗൗരവമായ പ്രശ്നമാണ്. കേരളത്തിന്റെ കടൽത്തീരങ്ങളിൽ കടൽക്ഷോഭം ഉണ്ടാകുന്ന സമയത്ത് തൊഴിലാളികളുടെ ഉപകരണങ്ങൾ നഷ്ടപ്പെടുന്നുണ്ട്. എങ്ങനെ അവർക്ക് കോമ്പൻസേഷൻ നൽകാൻ കഴിയും എന്ന് റവന്യൂ വകുപ്പുമായി ആലോചിച്ച് ഒരു പദ്ധതിക്ക് രൂപം നൽകുന്നതിനായി ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: വീടിനും റിപ്പെയറിനും അടക്കമുള്ള പല ധനസഹായങ്ങളും കടലോര മൽസ്യത്തൊഴിലാളികൾക്ക് കൊടുക്കുന്നുണ്ട്. അത് ഇപ്പോൾ ഉൾനാടൻ മൽസ്യത്തൊഴിലാളികൾക്ക് ലഭ്യമല്ല. അവർക്കുകൂടി ഈ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ?

പ്രൊഫ. കെ. വി. തോമസ്: അവർക്കുകൂടി കൊടുക്കുന്നതിനുള്ള ഒരു പ്രൊപ്പോസലാണ് ഗവൺമെന്റ് ഉണ്ടാക്കിയിരിക്കുന്നത്. അത് ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തീരദേശത്ത് താമസിക്കുന്ന പലർക്കും വീടിന് നമ്പർ ഇല്ലാത്തതു കാരണം റേഷൻ കാർഡും, ഇലക്ട്രിസിറ്റി കണക്ഷനുമൊക്കെ കിട്ടാൻ പ്രയാസമാണ്. അതുകൊണ്ട് പുറമ്പോക്കുകാർക്ക് താൽക്കാലികമായി പൊസഷൻ സർട്ടിഫിക്കറ്റ് കൊടുക്കുന്നതുപോലെ താൽക്കാലികമായെങ്കിലും അവർക്ക് റേഷൻകാർഡും, വൈദ്യുതിയും കിട്ടാനുള്ള സംവിധാനം ഉണ്ടാക്കുമോ?

പ്രൊഫ. കെ. വി. തോമസ്: മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് പൊസഷൻ സർട്ടിഫിക്കറ്റ് കൊടുക്കാൻ പറഞ്ഞിട്ടുണ്ട്. ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചിട്ടുണ്ട്. പട്ടയം കിട്ടുന്നവർക്ക് എല്ലാ ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ട്.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സി. ആർ. എസ്. നിയന്ത്രണ നിയമങ്ങൾകൊണ്ട് തീരപ്രദേശത്തെ ആളുകൾക്ക് വീടുകൾ പണിയാൻ കഴിയുന്നില്ല. അത് ഒഴിവാക്കി കൊടുക്കാനായിട്ടുള്ള നടപടി സ്വീകരിക്കുമോ?

പ്രൊഫ. കെ. വി. തോമസ്: മൽസ്യത്തൊഴിലാളികൾക്ക് മാത്രമായി എക്സംപ്ഷൻ അനുവദിച്ചിട്ടുണ്ട്.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഫിഷറീസ് വകുപ്പ് ഒന്നായി കാണുന്നില്ല എന്നുള്ളതാണ് പ്രധാന പ്രശ്നം. പല പ്രോജക്ടുകൾ ഉണ്ടാക്കുമ്പോഴും കടലിൽപ്പോയി മത്സ്യം പിടിക്കുന്ന തൊഴിലാളികൾക്ക് മാത്രമാണ് ആനുകൂല്യങ്ങൾ കൊടുക്കുന്നത്. പരമ്പരാഗത മൽസ്യത്തൊഴിലാളികൾ കടലിൽപ്പോകുന്നവരായാലും കായലിൽ പോകുന്നവരായാലും എല്ലാ പദ്ധതികളും പോലെ ഇരുവർക്കും പ്രയോജനം കിട്ടത്തക്ക വിധത്തിൽ ചെയ്യാൻ കഴിയുമോ?

പ്രൊഫ. കെ. വി. തോമസ്: ഗൗരവം മനസ്സിലാക്കിയാണ് പറഞ്ഞതെങ്കിലും കടൽത്തീര മൽസ്യത്തൊഴിലാളികൾക്ക് എക്കാലവും പ്രത്യേക ആനുകൂല്യങ്ങൾ കൊടുക്കും. കൊടുത്തിട്ടുണ്ട്. അതുപോലുള്ള ആനുകൂല്യങ്ങൾ കായലിലെ മൽസ്യത്തൊഴിലാളികൾക്ക് കൊടുക്കാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്.

മി. സ്പീക്കർ: കായലിലെ മൽസ്യത്തൊഴിലാളികൾക്ക് കടലിലെ തൊഴിലാളികളെപ്പോലെ റിസ്ക് ഇല്ല.

പ്രൊഫ. കെ. വി. തോമസ്: അതുകൊണ്ടാണ് ചില പ്രത്യേകമായ ആനുകൂല്യങ്ങൾ കടൽത്തീര മൽസ്യത്തൊഴിലാളികൾക്ക് കൊടുക്കുന്നത്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: കലാപത്തിലും സംഘർഷത്തിലുംപെട്ട് എപ്പോഴും തീരപ്രദേശങ്ങളിലെ വീടുകൾക്കാണ് നാശനഷ്ടങ്ങൾ സംഭവിക്കുന്നത്. ഇപ്പോൾ മാറാട് നിരവധി മൽസ്യത്തൊഴിലാളികൾക്ക് വീട് നഷ്ടപ്പെട്ട കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. വീട് നഷ്ടപ്പെട്ട അത്തരം തൊഴിലാളികൾക്ക് എന്തെങ്കിലും സഹായം കൊടുത്തിട്ടുണ്ടോ; വീട് നഷ്ടപ്പെട്ടവർക്ക് എന്തെങ്കിലും സഹായം നൽകാൻ തയ്യാറാകുമോ?

പ്രൊഫ. കെ. വി. തോമസ്: ടീച്ചർക്ക് അറിയാവുന്നതാണ്, കലാപത്തിൽപ്പെട്ട് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കോമ്പൻസേഷൻ കൊടുക്കാറില്ല. മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മൽസ്യത്തൊഴിലാളികൾ എന്ന നിലയ്ക്ക് അവർക്ക് കാലാകാലങ്ങളിൽ ഉണ്ടാകുന്ന നഷ്ടങ്ങൾ പരിഗണിച്ച് സഹായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അല്ലാതെ കലാപത്തിന്റെ പേരിൽ കൊടുക്കാറില്ല. മൽസ്യത്തൊഴിലാളികൾക്ക് ഇപ്പോൾ കൊടുക്കുന്നതുപോലുള്ള സഹായം കൊടുക്കും.

ശ്രീ. ഷിബു ബേബി ജോൺ: കേരളത്തിലെ മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും അല്ലെങ്കിൽ ആദിവാസികൾക്കും തുല്യമായ പിന്നോക്കാവസ്ഥയാണ് അവർക്കുമുള്ളത്. 7520 കോടി രൂപയുടെ വിദേശനാണ്യം നേടിത്തരുന്നതാണ് അവരുടെ പ്രയത്നം. ഇവിടെ രണ്ടു ചോദ്യങ്ങൾക്ക് കായലിൽ പോകുന്ന മൽസ്യത്തൊഴിലാളികൾക്ക് വേണമെങ്കിൽ അവരെ പരിഗണിക്കാം എന്നു പറഞ്ഞു. അനുബന്ധ തൊഴിലാളികൾക്ക്, വീടുകളിൽ മൽസ്യം വിൽക്കുന്ന തൊഴിലാളികൾക്ക്, യാതൊരാനുകൂല്യവും ലഭ്യമാകുന്നില്ല. അവരെക്കൂടി ഉൾപ്പെടുത്തി വീടുകൾക്ക് അറ്റകുറ്റപ്പണികൾക്കു കൊടുക്കുന്നതുപോലെതന്നെ മൽസ്യത്തൊഴിലാളികളുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമെന്നു പറയുന്നത് ഭൂരഹിതരായ മൽസ്യത്തൊഴിലാളികൾക്ക് ഭൂമി കൊടുക്കുക എന്നുള്ളത് ഇതിനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് കൈക്കൊള്ളുമോ?

പ്രൊഫ. കെ. വി. തോമസ്: പരമ്പരാഗത മത്സ്യത്തൊഴിലാളികളെയും, അനുബന്ധ തൊഴിലാളികളെയും ഒരുപോലെ കാണാൻ കഴിയില്ല എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാം. എങ്കിൽപ്പോലും വ്യവസായവുമായി ബന്ധപ്പെട്ട് ചില ആനുകൂല്യങ്ങൾ ഗവൺമെന്റ് കൊടുക്കാൻ തുടങ്ങിയിട്ടുണ്ട്.

ശ്രീ. കെ. ബാബു: എ.ഡി.ബി. സഹായത്തോടുകൂടി ആദിവാസി മേഖലയിൽ ചില ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. മൽസ്യത്തൊഴിലാളി മേഖലയിൽ കൂടി അത്തരം പദ്ധതി നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുമോ?

പ്രൊഫ. കെ. വി. തോമസ്: ബഹുമാനപ്പെട്ട അംഗം പറഞ്ഞ നിർദ്ദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും, ധനകാര്യമന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ: ആക്രമണത്തിന് വിധേയമാകുന്നവർക്ക് നഷ്ടപരിഹാരം കൊടുക്കാൻ കഴിയില്ലായെന്നു പറഞ്ഞു. മാറാട് നടന്ന കലാപത്തെക്കുറിച്ച് പഠന റിപ്പോർട്ട് വന്നിട്ടുണ്ട്. മൽസ്യത്തൊഴിലാളി മേഖലയിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് അവരുടെ മൽസ്യോപകരണങ്ങൾ കാലാനുസൃതമായി പുതുക്കുന്നതിനുവേണ്ടിയുള്ള സാമ്പത്തിക സഹായം നിർത്തിവെച്ച അവസരം ഉപയോഗിച്ചുകൊണ്ട് ജമാഅത്ത് കൗൺസിലും അതുപോലെത്തന്നെ അരയസമാജവും പരസ്പരം മൽസരിച്ച് പലിശ

LIBRARY ARCHIVES Kerala Legislative Assembly

കുറച്ചും പലിശരഹിതമായും മാറാട് കടൽപ്രദേശത്തെ ഹിന്ദുക്കളായവർക്കും മുസ്ലിംങ്ങളായ മൽസ്യത്തൊഴിലാളികൾക്കും മൽസ്യബന്ധന ഉപകരണം വാങ്ങാൻ പണം കൊടുത്തതാണ് ഈ തൊഴിലാളികളെ അവരുടെ കയ്യിൽ എത്തിച്ചുകൊടുത്തതും. അതിന്റെ അടിസ്ഥാനത്തിലാണ് അവിടെ കലാപം ഉണ്ടായതെന്നും പഠന റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ആ സാഹചര്യത്തിലെങ്കിലും കടപ്പുറം കലാപഭൂമി ആകാതിരിക്കാനും, കടൽക്ഷോഭം കാരണം വീട് നഷ്ടപ്പെട്ടവർക്ക് വീട് വച്ചു കൊടുക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

പ്രൊഫ. കെ. വി. തോമസ്: കടൽക്ഷോഭംപോലുള്ള പ്രകൃതിക്ഷോഭങ്ങൾ വരുമ്പോൾ സഹായം പ്രധാനമായും നൽകുന്നത് റവന്യൂ വകുപ്പാണ്. മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം 503 കോടി രൂപയുടെ പ്രോജക്ടാണ് വന്നിട്ടുള്ളത്. ആ പ്രോജക്ടിന് അംഗീകാരം ലഭിച്ചാൽ മാത്രമേ അത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയുകയുള്ളൂ. പ്രകൃതിക്ഷോഭം വരുമ്പോൾ ചില പ്രത്യേക ആനുകൂല്യങ്ങൾ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റ്, റവന്യൂ ഡിപ്പാർട്ട്മെന്റ് വഴി കൊടുക്കുന്ന സന്ദർഭത്തിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റും ഈ കാര്യത്തിൽ പ്രത്യേകം താൽപ്പര്യം എടുത്ത് സഹായങ്ങൾ എത്തിച്ചു കൊടുക്കുന്നതാണ്.

ശ്രീ. എ. എൻ. രാജൻ ബാബു: അനുവദിക്കപ്പെട്ട വീടുകൾ എന്നതിനേക്കാൾ കൂടുതൽ അപേക്ഷകർ ഉള്ളപ്പോൾ അപേക്ഷകരിൽ മുൻഗണനയുള്ളവരെ നോക്കാതെ നറുക്കിട്ടെടുക്കുന്ന സമ്പ്രദായമാണ് നടക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ കരുനാഗപ്പള്ളിയിൽ മുൻഗണനയ്ക്കുള്ള അർഹത നോക്കാതെ നറുക്കിട്ടാണ് എടുക്കുന്നത്. അതുകൊണ്ട് അർഹതപ്പെട്ടവരുടെ ലിസ്റ്റ് പരിശോധിച്ച് ആ രീതിയിൽ കൊടുക്കാൻ തയ്യാറാകുമോ?

പ്രൊഫ. കെ. വി. തോമസ്: അർഹരായ ആളുകളുടെ കാര്യമാണ് ആദ്യം തീരുമാനിക്കുന്നത്. അപേക്ഷകരുടെ എണ്ണം പലപ്പോഴും നിശ്ചയിച്ചിരിക്കുന്നവരുടെ എണ്ണത്തേക്കാൾ കൂടുതൽ വരും. എം. എൽ. എ.-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ ഇരുന്നിട്ടാണ് തീരുമാനിക്കുന്നത്. വളരെ സുതാര്യമാണ്. സ്വാഭാവികമായി അപേക്ഷകരുടെ എണ്ണം കൂടുന്നതുകൊണ്ടും കൊടുക്കാവുന്നവരുടെ എണ്ണത്തിന് പരിമിതിയുള്ളതുകൊണ്ടുമാണ് നറുക്കിട്ട് എടുക്കേണ്ടി വരുന്നത്.

ശ്രീ. സി. കെ. നാണു: അറ്റകുറ്റപ്പണികൾ ചെയ്യാൻ വേണ്ടി മൽസ്യത്തൊഴിലാളികൾക്ക് എത്ര ഉറുപ്പിക കൊടുക്കുന്നു എന്നത് അറിയിക്കാതിരിക്കുകയും, കൊടുക്കാൻ നിശ്ചയിച്ച സംഖ്യ ആവശ്യത്തിന് അവർക്ക് കൊടുക്കാതിരിക്കുകയും ചെയ്യുന്നതുമൂലം യഥാർത്ഥത്തിൽ പണി ആരംഭിച്ചിട്ട് വളരെ ബുദ്ധിമുട്ടി നിൽക്കുകയാണ്. അനേകം മൽസ്യത്തൊഴിലാളികൾ അവരുടെ വേദന നേരിട്ട് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്. അതുകൊണ്ട് നിങ്ങൾ എത്ര ഉറുപ്പിക നൽകുമെന്ന് പറയുകയും അത് കൃത്യമായി നൽകാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുമോ?

പ്രൊഫ. കെ. വി. തോമസ്: റിപ്പയറിനെ സംബന്ധിച്ച് തീരദേശ സാമ്പത്തിക പദ്ധതിയാണുള്ളത്. ഇതിൽ ഇരുപതിനായിരം രൂപ കേന്ദ്രഗവൺമെന്റിന്റെ വിഹിതത്തിൽ നിന്നും, അയ്യായിരം രൂപ ലോക്കൽ അഡ്മിനിസ്ട്രേഷനും ആണ് കൊടുക്കുന്നത്. അത് നിയന്ത്രിക്കുന്നത് ജില്ലാകളക്ടർ ചെയർമാനായ എം. എൽ. എ.-മാർ ഉൾപ്പെടെയുള്ള ഒരു കമ്മിറ്റിയാണ്. ആ കമ്മിറ്റിയാണ് ഓരോ ഘട്ടം നിശ്ചയിച്ച് കൊടുക്കുന്നത്. അത് ഒരു സ്ഥലത്ത് പോലും നിർത്തിവച്ചിട്ടില്ല. ഇക്കാര്യം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: ബഹുമാന്യനായ മന്ത്രി ഇപ്പോൾ കളക്ടർ ചെയർമാനായ, എം. എൽ. എ.-മാർ അംഗങ്ങളായ കമ്മിറ്റിയാണ് ഇവിടെ തീരുമാനിക്കുന്നതെന്ന് പറഞ്ഞു. ഇവിടെ ശ്രീ. എ. എൻ. രാജൻ ബാബു ചോദിച്ചപ്പോൾ നറുക്കിട്ടെടുക്കുന്ന കാര്യങ്ങളെക്കുറിച്ച് ചോദിച്ചു. നറുക്കെടുപ്പ് സമ്പ്രദായം അവസാനിപ്പിച്ച് കമ്മിറ്റിയുടെ പരിഗണനയിൽത്തന്നെ വീടുകൾ അലോട്ട് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്താൻ പറ്റുമോ?

പ്രൊഫ. കെ. വി. തോമസ്: ബഹുമാനപ്പെട്ട അംഗം ഇതിലെ പ്രായോഗികമായ ബുദ്ധിമുട്ട് മനസ്സിലാക്കാതെയാണ് പറയുന്നത്. ഒരു ജില്ലയിൽ അർഹരായ ആയിരം പേർക്ക് എന്ന് ആദ്യം തീരുമാനിച്ചാൽ 1500 ആണെങ്കിൽ വേറെ മാർഗ്ഗമില്ല. ഇതിനകത്ത് ജില്ലാ കളക്ടറുണ്ട്. എം. എൽ. എ.-മാരുണ്ട്. അർഹരായ ആളുകളെയാണ് ആദ്യം തീരുമാനിക്കുന്നത്. അതുകൊണ്ട് ആയിരമേ കൊടുക്കാനുള്ളൂ എങ്കിൽ ആയിരത്തി അഞ്ഞൂറ് അപേക്ഷകൾ വന്നാൽ വേറെ എന്താണ് മാർഗ്ഗമുള്ളത്. വേറെ നിർദ്ദേശിച്ചാൽ പരിശോധിക്കാവുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ലൈസൻസില്ലാതെ നടത്തുന്ന വയറിംഗ് തടയുന്നതിനു വേണ്ടിയുള്ള ജില്ലാ സമിതിയുടെ പ്രവർത്തനം

*4 [949] ശ്രീ. കെ. കെ. രാജു:
,, എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈസൻസില്ലാതെ വയറിംഗ് ജോലികൾ ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തരത്തിലുള്ള അനധികൃത വയറിംഗ് തടയുന്നതിന് സർക്കാർ എന്തൊക്കെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ലൈസൻസ് ഇല്ലാത്തവർ നടത്തുന്ന വയറിംഗ് ക്രിമിനൽ കുറ്റമായി കണക്കാക്കി ഇതു കണ്ടുപിടിക്കുന്നതിന് പോലീസ് വകുപ്പിന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇതു തടയുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് അന്വേഷിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഇ) അനധികൃത വയറിംഗ് തടയുന്നതിനുവേണ്ടി സർക്കാർ പ്രഖ്യാപിച്ച ജില്ലാ സമിതിയുടെ പ്രവർത്തനം ഏത് ഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly